C 2798 (Pages : 8) Name..............................

Reg. No..............................

# UG/PG ENTRANCE EXAMINATION, APRIL 2021

## MALAYALAM

Time : Two Hours Maximum : 100 Marks

### Part I

താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ശരിയുത്തരം തെരഞ്ഞെടുത്തെഴുതുക.

1. "ഓർമ്മയിലില്ല സുഗന്ധോജ്ജ്വലമൊരു
ചെമ്പനിനീരലർ ; വർണ്ണോജ്ജ്വലമൊരു
തീണ്ടാനാഴിപ്പീവുകൾ മാത്രം"

—ആരുടെ വരികൾ ?

(a) വയലാർ. (b) ജി. കുമാരപ്പിള്ള.

(c) അക്കിത്തം. (d) ആർ. രാമചന്ദ്രൻ.

2. "ഇന്നലെച്ചെയ്തോരബദ്ധം
മൂഢർക്കിന്നത്തെ ആചാരമാകാം
നാളത്തെ ശാസ്ത്രമതാകാം . . . "

—ആരുടെ വരികൾ ?

(a) വയലാർ. (b) പി. ഭാസ്കരൻ.

(c) ബോധേശ്വരൻ. (d) കുമാരനാശാൻ.

3. "കിട്ടീലയോ ദക്ഷിണ വേണ്ടുവോളം,
വിശിഷ്ടനാം ശിഷ്യനിൽ നിന്നിദാനീം,
ദിവ്യായുധം വല്ലതുമുണ്ടു ബാക്കി-
യെന്നാലതും നല്കിയനുഗ്രഹിക്കാം !"

—ആരാണ് ഇതിൽ പരാമർശിക്കപ്പെടുന്ന ശിഷ്യൻ ?

(a) ഗണപതി. (b) സുബ്രഹ്മണ്യൻ.

(c) പരശുരാമൻ. (d) അർജ്ജുനൻ.

Turn over

4. "ബോധമില്ലാതെ കിടക്കുമവസ്ഥയ്ക്കു-

മീതെയായ് ഘോരവിപത്തെന്തു ഭൂമിയിൽ ?"

—ആരുടെ വരികൾ ?

(a) കുഞ്ഞുണ്ണി.
(b) എൻ. എൻ. കക്കാട്.
(c) പി. കുഞ്ഞിരാമൻ നായർ.
(d) മധുസൂദനൻ നായർ.

5. "അന്ധർ നിൻ തുമ്പിയോ കൊമ്പോ

പള്ളയോ തൊട്ടിടഞ്ഞിടാം

എനിക്കു കൊതി നിൻ വാലിൻ

രോമം കൊണ്ടൊരു മോതിരം"

—ഏത് കവിതയിലേതാണ് ഈ വരികൾ ?

(a) കന്നിക്കൊയ്ത്ത്.
(b) ആനമുത്ത്.
(c) മേഘരൂപൻ.
(d) പ്രരോദനം.

6. "എത്രയോ ഹൃദ്യം നമുക്കീ മണം അതിലൂടെ

യെത്തിടും സവിഷാദമധുരസ്മൃതികളും"

—ആരുടെ വരികൾ ?

(a) എം. ഗോവിന്ദൻ.
(b) എം.എൻ. പാലൂർ.
(c) വൈലോപ്പിള്ളി.
(d) ബാലാമണിയമ്മ.

7. "എന്റെയല്ലെന്റെയല്ലിക്കൊമ്പനാനകൾ

എന്റെയല്ലീ മഹാക്ഷേത്രവും മക്കളേ"

—ആരുടെ വരികൾ ?

(a) നാലാങ്കൽ.
(b) അക്കിത്തം.
(c) ഒളപ്പമണ്ണ.
(d) ഡി. വിനയചന്ദ്രൻ.

8. "നല്ലതു വല്ലോം മോഷ്ടിച്ചാലുടനെ അവനെ - വെറുതെ - കള്ളനാക്കും നിങ്ങടെ ചട്ടം

മാറ്റുക മാറ്റുക ചട്ടങ്ങളെയവ മാറ്റും നിങ്ങളെയല്ലെങ്കിൽ"

—ആരുടെ വരികൾ ?

(a) ഏഴാച്ചേരി രാമചന്ദ്രൻ.
(b) അയ്യപ്പപ്പണിക്കർ.
(c) മണമ്പൂർ രാജൻബാബു.
(d) കുമാരനാശാൻ.

9. "ആരോ പറഞ്ഞു മുറിച്ചു മാറ്റാം കേടുബാധിച്ചോരവയവം ;
പക്ഷെ, കൊടും കേടു ബാധിച്ച പാവം മനസ്സോ ?"
—ആരുടെ വരികൾ ?
(a) എൻ. എൻ. കക്കാട്.
(b) സുഗതകുമാരി.
(c) പ്രഭാവർമ്മ.
(d) ഡി. വിനയചന്ദ്രൻ.

10. "എന്റെ ഹൃദയത്തിന്റെ സ്ഥാനത്ത് ഒരു പൂവുണ്ടായിരിക്കും
ജിജ്ഞാസയുടെ പ്രേമത്തിന്റെ ആത്മതത്വം പറഞ്ഞു തന്നവളുടെ ഉപഹാരം . . ."
—ആരുടെ വരികൾ ?
(a) ബാലചന്ദ്രൻ ചുള്ളിക്കാട്.
(b) സച്ചിദാനന്ദൻ.
(c) എം. അയ്യപ്പൻ.
(d) എസ്. ജോസഫ്.

11. ഹിപ്പിയിസത്തെക്കുറിച്ച് പോഞ്ഞിക്കര റാഫി, സെബീന റാഫി എന്നിവർ ചേർന്നെഴുതിയ പഠനഗ്രന്ഥം :
(a) കലിയുഗം.
(b) വേറാക്കൂറ്.
(c) സ്വർഗ്ഗദൂതൻ.
(d) ചരിത്രമാനങ്ങൾ.

12. ആധുനികത വിളംബരം ചെയ്ത് സച്ചിദാനന്ദൻ സമാഹരിച്ച പുതുകവിതക്കൂട്ടം ഏത് സമാഹാരമാണ് ?
(a) മൂന്നാംലോക കവിത.
(b) സംഭാഷണത്തിനൊരു ശ്രമം.
(c) ഹരിശ്രീ.
(d) കുരുക്ഷേത്രം.

13. മലയാളനാടകപ്രസ്ഥാനം എന്ന കൃതിയുടെ കർത്താവ് :
(a) ജി. ശങ്കരപ്പിള്ള.
(b) കാവാലം നാരായണപ്പണിക്കർ.
(c) കാട്ടുമാടം നാരായണൻ.
(d) വയലാ വാസുദേവൻ പിള്ള.

14. ബിലാത്തിവിശേഷം എന്ന കൃതിയുടെ കർത്താവ് :
(a) ഇ.വി. കൃഷ്ണപിള്ള.
(b) കേസരി നായനാർ.
(c) കെ.പി. കേശവമേനോൻ.
(d) കേസരി എ. ബാലകൃഷ്ണപ്പിള്ള.

15. മരുഭൂമികൾ പൂക്കുന്നത് എന്ന കൃതി ആരുടെ രചനാലോകം പഠനവിധേയമാക്കുന്നു ?
(a) വൈലോപ്പിള്ളി.
(b) ബഷീർ.
(c) അക്കിത്തം.
(d) എം. ഗോവിന്ദൻ.

16. മൃത്യുഞ്ജയം കാവ്യജീവിതം എന്ന കൃതി ആരുടെ ജീവചരിത്രമാണ് ?
(a) കുമാരനാശാൻ.
(b) അക്കിത്തം.
(c) ജി. ശങ്കരക്കുറുപ്പ്.
(d) ഇടശ്ശേരി ഗോവിന്ദൻ നായർ.

17. വിശ്വ വിജ്ഞാന കോശത്തിന്റെ എഡിറ്റർ ആരായിരുന്നു ?

(a) എൻ.വി. കൃഷ്ണവാര്യർ.
(b) പി.ടി. ഭാസ്കരപ്പണിക്കർ.
(c) കേസരി ബാലകൃഷ്ണപിള്ള.
(d) എം.എൻ. വിജയൻ.

18. ആയഞ്ചേരി വല്യശമാൻ എന്ന നാടകത്തിന്റെ കർത്താവ് :

(a) എം. പി. ഭട്ടതിരിപ്പാട്.
(b) ഡോ. ടി.പി. സുകുമാരൻ.
(c) കാവാലം നാരായണപ്പണിക്കർ.
(d) പി.എം. താജ്.

19. ദാവീദ് രാജാവ് കഥാപാത്രമായ സി.ജെ. തോമസിന്റെ നാടകം :

(a) അവൻ വീണ്ടു വരുന്നു.
(b) വിഷവൃക്ഷം.
(c) ആ മനുഷ്യൻ നീ തന്നെ.
(d) 1128-ൽ ക്രൈം 27.

20. പൈക്കിന്റോ എന്ന നിലവിളി ഏത് നാടകത്തിലേതാണ് ?

(a) സൃഷ്ടി.
(b) നാടുഗദ്ദിക.
(c) ഏഴിനും മീതെ.
(d) സ്പാർട്ടക്കസ്.

21. മഖൻസിംഗിന്റെ മരണം എന്ന കഥയിലെ മഖൻ സിംഗ് ആരാണ് ?

(a) തീവ്രവാദി.
(b) കർഷകൻ.
(c) കച്ചവടക്കാരൻ.
(d) ഡ്രൈവർ.

22. സൈബർ മലയാളം എന്ന കൃതിയുടെ എഡിറ്റർ :

(a) ഡോ. ബി. ഇക്ബാൽ.
(b) വി.കെ.ആദർശ്.
(c) ഡോ. ടി.വി. സുനീത.
(d) കെ.എച്ച്. ഹുസൈൻ.

23. അൽഫോൺസച്ചൻ കഥാപാത്രമായുള്ള എം. മുകുന്ദന്റെ നോവൽ :

(a) മദാമ്മ.
(b) മയ്യഴിപ്പുഴയുടെ തീരങ്ങളിൽ.
(c) ദൈവത്തിന്റെ വികൃതികൾ.
(d) കട നന്നാക്കുന്ന ചോയി.

24. ശേഷക്രിയ എന്ന നോവലിന്റെ കർത്താവ് :

(a) ടി.വി. കൊച്ചുബാവ.
(b) കെ.ആർ. മീര.
(c) എം. സുകുമാരൻ.
(d) മാടമ്പ് കുഞ്ഞുകുട്ടൻ.

25. രമണനും മലയാള കവിതയും എന്ന നിരൂപണകൃതിയുടെ കർത്താവ് :

(a) എ.കെ. സാനു.
(b) ജോസഫ് മുണ്ടശ്ശേരി.
(c) സുകുമാർ അഴീക്കോട്.
(d) കെ.പി. ശങ്കരൻ.

26. നാവ് എന്നർഥം വരാത്ത പദം ഏത് ?

(a) ജിഹ്വ.
(b) രസജ്ഞ.
(c) രസന.
(d) വാചി.

27. ധനാശി പാടുക എന്ന പ്രയോഗത്തിന്റെ അർത്ഥം :

(a) തുടങ്ങി വെക്കുക.
(b) വിരാമമിടുക.
(c) ദുർവ്യയം ചെയ്യുക.
(d) കടം വാങ്ങുക.

28. നേപഥ്യം എന്ന വാക്കിന്റെ അർത്ഥം :

(a) കളിപ്പുര.
(b) അണിയറ.
(c) കൂത്തമ്പലം.
(d) സഭാതലം.

29. ചുവടെ കൊടുത്തതിൽ ശരിരൂപം ഏത് ?

(a) ഭീബത്സം.
(b) ഭീഭത്സം.
(c) ബീഭത്സം.
(d) ഭീവത്സം.

30. കർണ്ണികാരം എന്ന വാക്കിന്റെ അർത്ഥം :

(a) നേത്രരോഗം.
(b) ഇരുണ്ട രാത്രി.
(c) താമരപ്പൂവ്.
(d) കൊന്നപ്പൂവ്.

31. ഇന്ദീവരം എന്ന വാക്കിന്റെ അർത്ഥം :

(a) മഴവില്ല്.
(b) കരിംകൂവളം.
(c) അനുഗ്രഹം.
(d) ഭാരതീയത.

32. ക്രിയാവിശേഷം എന്ന നോവലിന്റെ കർത്താവ് :

(a) എം.ടി. വാസുദേവൻ നായർ.
(b) പി. വത്സല.
(c) ജിസ ജോസ്.
(d) ടി.പി. രാജീവൻ.

33. അച്ചടി മലയാളം നാടു കടത്തിയ കവിതകൾ എന്ന ബ്ലോഗ് ആരുടേതാണ് ?

(a) ടി.പി. വിനോദ്.
(b) കെ.വി. സുമിത്ര.
(c) കുഴൂർ വിത്സൻ.
(d) വിഷ്ണുപ്രസാദ്.

34. നിരാശാഭരിതനായ സുഹൃത്തിന് ഒരു കത്ത് എന്ന ചെറുകഥയുടെ കർത്താവ് :

(a) യു.പി. ജയരാജ്.
(b) പി.കെ. നാണു.
(c) സിവിക് ചന്ദ്രൻ.
(d) സുഭാഷ് ചന്ദ്രൻ.

35. ആരാന്റെ കുട്ടി എന്ന കഥ എഴുതിയത് ആര് ?

(a) മൂർക്കോത്ത് കുമാരൻ.
(b) കെ. സുകുമാരൻ.
(c) കേസരി നായനാർ.
(d) തകഴി.

36. സൂര്യവംശം എന്ന നോവലിന്റെ കർത്താവ് :

(a) മേതിൽ.
(b) സേതു.
(c) ശത്രുഘ്നൻ.
(d) അഷ്ടമൂർത്തി.

37. മലയാള നാടക സ്ത്രീചരിത്രം ആരാണ് എഴുതിയത് :

(a) ജെ. ദേവിക.
(b) ശാരദക്കുട്ടി.
(c) സജിത മഠത്തിൽ.
(d) കെ.പി.എ.സി. ലളിത.

38. അവനവൻ കടമ്പ എന്ന നാടകം ഏത് പ്രസ്ഥാനത്തിൽ പെടുന്നു ?

(a) എക്സ്പ്രഷണിസ്റ്റ് പ്രസ്ഥാനം.
(b) ദരിദ്രനാടകവേദി.
(c) എപിക് തിയേറ്റർ.
(d) തനതു നാടകവേദി.

39. റോസ്മേരി പറയാനിരുന്നത് എന്ന നാടകത്തിന്റെ കർത്താവ് :

(a) സതീഷ്. കെ. സതീഷ്.
(b) പി.എം. താജ്.
(c) വി.കെ. പ്രഭാകരൻ.
(d) എ. ശാന്തകുമാർ.

40. ദീപൻ ശിവരാമൻ രംഗാവിഷ്കാരം നിർവഹിച്ച മലയാള നോവൽ :

(a) ആയുസ്സിന്റെ പുസ്തകം.
(b) നാലു കെട്ട്.
(c) ഖസാക്കിന്റെ ഇതിഹാസം.
(d) മതിലുകൾ.

41. ഭാസ്കരപട്ടേലരും എന്റെ ജീവിതവും എന്ന നോവലെറ്റിനെ ആസ്പദമാക്കി നിർമ്മിച്ച ചലച്ചിത്രം :

(a) സ്വപ്നാടനം.
(b) വിധേയൻ.
(c) പൊന്തൻമാട.
(d) ചിദംബരം.

42. വർത്തമാനപ്പുസ്തകം ഏത് വിഭാഗത്തിൽപ്പെട്ട കൃതിയാണ് ?

(a) മാദ്ധ്യമ പഠനം.
(b) സഞ്ചാര സാഹിത്യം.
(c) സാഹിത്യ നിരൂപണം.
(d) മതബോധനം.

43. മലയാളത്തിലെ ആദ്യത്തെ ആനുകാലിക പ്രസിദ്ധീകരണം :

(a) സംക്ഷേപ വേദാർത്ഥം.
(b) രാജ്യ സമാചാരം.
(c) പശ്ചിമോദയം.
(d) നസ്രാണി ദീപിക.

44. മലയാഴ്മയുടെ വ്യാകരണം എന്ന പുസ്തകം എഴുതിയത് :

(a) എ.ആർ. രാജരാജവർമ്മ. (b) ഡോ. കെ. ഗോദവർമ്മ.

(c) ഡോ. കെ.എം. പ്രഭാകര വാര്യർ. (d) റവ. ജോർജ്ജ് മാത്തൻ.

45. കോമാളി യുഗത്തിലെ പുരുഷഗോപുരങ്ങൾ ആരെക്കുറിച്ചുള്ള പഠനമാണ് ?

(a) കോവിലൻ. (b) വി.കെ.എൻ.

(c) എം.ടി. വാസുദേവൻ നായർ. (d) ടി.വി. കൊച്ചുബാവ.

46. കെ.പി. ഉമ്മർ എന്ന ചെറുകഥ എഴുതിയത് ആരാണ് ?

(a) എസ്. ഹരീഷ്. (b) വിനോയ് തോമസ്.

(c) ശിഹാബുദ്ദീൻ പൊയ്ത്തും കടവ്. (d) അക്ബർ കക്കട്ടിൽ.

47. വൈലോപ്പിള്ളിയുടെ ആത്മകഥാപരമായ രചന :

(a) ആരോടും പരിഭവമില്ലാതെ. (b) എന്റെ ജീവിത കഥ.

(c) ധ്വനി പ്രകാരം. (d) കാവ്യലോക സ്മരണകൾ.

48. ഇംഗ്ലീഷാവശിഷ്ടമായ മലയാളം എന്ന ഭാഷാപഠനഗ്രന്ഥത്തിന്റെ കർത്താവ് :

(a) പ്രബോധചന്ദ്രൻ നായർ. (b) ഡോ. സി.ജെ. ജോർജ്ജ്.

(c) കെ.പി. ശങ്കരൻ. (d) കെ.എം. പ്രഭാകരവാര്യർ.

49. ലേബർ റൂം എന്ന നാടകത്തിന്റെ കർത്താവ് :

(a) കെ. ആർ. മീര. (b) കെ.വി. ശ്രീജ.

(c) പി.എം. താജ്. (d) വി.കെ. പ്രഭാകരൻ.

50. പൈക്കിന്റോ എന്ന നിലവിളി ഏത് നാടകത്തിലേതാണ് ?

(a) സൃഷ്ടി. (b) നാടുഗദ്ദിക.

(c) ഏഴിനും മീതെ. (d) സ്പാർട്ടക്കസ്.

(50 × 1 = 50 marks)

## Part II

ഓരോ ചോദ്യത്തിനും മൂന്ന് പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

51. 1958-ൽ പ്രസിദ്ധീകരിച്ച നാലുകെട്ട് എന്ന നോവൽ കൂട്ടുകുടുംബത്തിന്റെ തകർച്ചയാണ് ചിത്രീകരിക്കുന്നതെങ്കിൽ 1942-ൽ പുറത്തിറങ്ങിയ ഭഗ്നഭവനം എന്ന നാടകം അണുകുടുംബത്തിന്റെ പരിപൂർണ്ണമായ ശൈഥില്യമാണ് ചിത്രീകരിക്കുന്നത് –വിശദമാക്കുക.

**അല്ലെങ്കിൽ**

നവോത്ഥാനമൂല്യങ്ങൾ സമൂഹത്തിൽ പ്രസരിപ്പിക്കുന്നതിൽ മലയാള സാഹിത്യം നിർണ്ണായകമായ പങ്ക് വഹിച്ചിട്ടുണ്ട്–വിശദമാക്കുക.

52. മലയാളത്തിലെ അക്ഷരങ്ങളെക്കുറിച്ചുള്ള വിവിധ വീക്ഷണങ്ങൾ സംഗ്രഹിക്കുക.

**അല്ലെങ്കിൽ**

ബ്ലോഗിംഗ് മലയാള സാഹിത്യത്തിന് സംഭാവന ചെയ്ത അഞ്ച് എഴുത്തുകാരെ പരിചയപ്പെടുത്തുക.

53. ഉത്തരാധുനികത എന്നാൽ എന്ത് ? അത് ആധുനികതയിൽ നിന്ന് എങ്ങനെ വ്യത്യസ്തമാകുന്നു ?

**അല്ലെങ്കിൽ**

വൃത്താലങ്കാരങ്ങളുടെ പഠനം സാഹിത്യ പഠനത്തിന് അനുപേക്ഷണീയമാണോ ? ചർച്ച ചെയ്യുക.

54. ഫ്രാൻസിസ് ഇട്ടിക്കോരയിൽ ചരിത്രവും ഭാവനയും വേർപിരിയുന്ന അതിർവരമ്പ് വളരെ നേർത്തതാണ്. പരിശോധിക്കുക.

**അല്ലെങ്കിൽ**

സ്ത്രീജീവിത ചിത്രണത്തിൽ യാഥാസ്ഥിതികമായ നിലപാടാണ് കേരളീയമായ സാംസ്കാരികാവിഷ്കാരങ്ങളിലെല്ലാം പ്രകടമാകുന്നത്– ഈ പ്രസ്താവം ശരിയോ ?

55. തനതു നാടകവേദി പ്രസ്ഥാനത്തിന്റെ പ്രസക്തിയും രംഗാവതരണരീതികളും വിശദമാക്കുക.

**അല്ലെങ്കിൽ**

കഴിഞ്ഞ ഒരു പതിറ്റാണ്ടിനിടയിൽ പ്രസിദ്ധീകരിക്കപ്പെട്ട ഒരു മലയാള നോവലിനെ പരിചയപ്പെടുത്തുക.

(5 × 10 = 50 marks)